മഴക്കാലത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് കേന്ദ്ര സംഘം

140(834) ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മഴക്കാലത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ :

(ബി) സംസ്ഥാനത്ത് മൊത്തം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായെന്നായി ഈ സംഘത്തെ അറിയിച്ചിട്ടുണ്ട് :

(സി) വിവിധ വകുപ്പുകൾ അവരുടെ നഷ്ടം പ്രത്യേകം പ്രത്യേകം ഈ സംഘത്തെ അറിയിച്ചിട്ടുണ്ടോ ;

(ഡി) മഴക്കെടുതിക്ക് ആശ്വാസമായി കേന്ദ്രത്തിൽ നിന്നും എത്ര സഹായം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം 233.214 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കേന്ദ്ര സംഘത്തെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇതുവരേയും ധനസഹായം ലഭിച്ചിട്ടില്ല.

ആന്റി-ഡിസാസ്റ്റർ ഷെൽട്ടറുകൾ

141(835) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ തീരദേശ ജനതയുടെ സംരക്ഷണത്തിനുവേണ്ടി റവന്യൂ വകുപ്പ് എത്ര ആന്റി-ഡിസാസ്റ്റർ ഷെൽട്ടറുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് :

(ബി) പ്രസ്തുത സ്ഥാപനങ്ങൾ തുടങ്ങുവാൻ ഭരണാനുമതി. സാങ്കേതികാനുമതി എന്നിവ ലഭിച്ച സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ :

(സി) ഇതിനായി കേന്ദ്ര സർക്കാർ എത്ര രൂപ അനുവദിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാർ പ്രധാനമന്ത്രിയുടെ ഗ്രാമീണ ദുരിതാശ്വാസ നിധിയിൽ നിന്നും നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ രണ്ട് സൈക്ലോൺ ഷെൽട്ടർ നിർമ്മിക്കുന്നതിനും കണ്ണൂർ ജില്ലയിൽ ഒരു സൈക്ലോൺ ഷെൽട്ടർ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ ലോക ബാങ്ക് സഹായത്തോടെ കേരളത്തിലെ 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ കോഴിക്കോട് ജില്ലയിലെ വടകരയിലും, എലത്തൂരിലും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും ആയി 3 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ സെൻട്രൽ പി.ഡബ്ല്യു.ഡി. മുഖേനയാണ് ഷെൽട്ടറുകൾ നിർമ്മിക്കുന്നത് അതിനാൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല.

ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

142(836) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. എം. കെ. പ്രേംനാഥ് :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നിയമമായ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് എന്നുമുതലാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് ;

(ബി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് ചട്ടങ്ങൾ തയ്യാറാക്കുകയും ഈ ചട്ടങ്ങൾ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് റൂൾസ് എന്ന പേരിൽ 1-3-2007 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

(ബി) ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും എല്ലാ ജില്ലാകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly